# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3544 | 23/06/2014 ൽ മറുപടിക്ക് |
|---|---|

## വിജിലൻസ് കേസുകളിന്മേൽ നിരാക്ഷേപപത്രം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിന് സർക്കാർ നിരാക്ഷേപപത്രം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | 10 കേസുകൾ |
| (ബി) | ഏതൊക്കെ സ്വഭാവമുള്ള കേസുകൾ പിൻ വലിക്കുന്നതിനാണ് നിരാക്ഷേപപത്രം നൽകിയതെന്ന് വിശദമാക്കാമോ; | (ബി) | അധികാര ദുർവിനിയോഗം, ധനാപഹരണം, കൈക്കൂലി, അഴിമതി, ധനദുർവിനിയോഗം എന്നീ സ്വഭാവ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ആരോപണങ്ങളിൻമേലുള്ള കേസുകളിൽ ഉൾപ്പെടുന്നവയാണ് മേൽപ്പറഞ്ഞ 10 കേസുകൾ |
| (സി) | അനധികൃത സ്വത്തുസമ്പാദനം, ട്രാപ്പ്, സർക്കാർ പദ്ധതികൾ നടപ്പിൽ വരുത്തിയതിലെ അഴിമതി തുടങ്ങിയ സ്വഭാവമുള്ള എത്രവീതം കേസുകൾ പിൻവലിക്കാനാണ് നിരാക്ഷേപപത്രം നൽകിയതെന്ന് വിശദമാക്കാമോ; | (സി) | ട്രാപ്പ് വിഭാഗത്തിൽ ഉൾപ്പെടുത്താവുന്ന ഒരു കേസിൽ മാത്രമാണ് നിരാക്ഷേപ പത്രം നൽകിയിട്ടുള്ളത്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര വിജിലൻസ് അന്വേഷണങ്ങളിൽ സർക്കാർ തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മൊത്തം 380 വിജിലൻസ് അന്വേഷണങ്ങളിൽ സർക്കാർ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ